ഇതിന്റെ ആദ്യഘട്ടമായി മൂന്നാർ, വൈക്കം, ആലുവ എന്നീ റസ്റ്റ് ഹൗസുകൾ തിരഞ്ഞെടുക്കപ്പെട്ട സഹകാര്യ സംരംഭകർക്ക് ഇതിനോടകം കൈമാറിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി-ഇ) ഫണ്ടിന്റെ പരിമിതിമൂലം റസ്റ്റ് ഹൗസുകളുടെ വാണിജ്യമൂല്യം യഥാവിധി ഉപയോഗപ്പെടുത്തുവാൻ കഴിയാത്ത സാഹചര്യത്തിൽ റസ്റ്റ് ഹൗസ് പ്രോപ്പർട്ടികൾ സഹകാര്യമൂലധന പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത റസ്റ്റ് ഹൗസുകൾ റിനൊവേറ്റ്, ഓപ്പറേറ്റ്, മെയിന്റയിൻ& ട്രാൻസ്ഫർ വ്യവസ്ഥയിൽ (ROMT) നവീകരിച്ച് നടത്തുന്നതിലേയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട ബിഡ്ഡർമാർക്ക് കൈമാറിക്കഴിഞ്ഞു.

സഹകാര്യമേഖലയ്ക്ക് കൈമാറിയ റസ്റ്റ് ഹൗസുകൾ

90 (4371) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ എത്ര റസ്റ്റ്ഹൗസുകളാണ് സഹകാര്യ മേഖലയ്ക്ക് അല്ലെങ്കിൽ വ്യക്തികൾക്ക് കൈമാറിയത് ; ഇവരുമായി ഉണ്ടാക്കിയ കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ :

(ബി) ഇതിൽ എത്രയെണ്ണം അവർ ഏറ്റെടുത്തിട്ടുണ്ട് : ഏതൊക്കെ ;

(സി) എത്രയെണ്ണമാണ് ഏറ്റെടുക്കാതെയുള്ളത് ; അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ :

(ഡി) ഏറ്റെടുക്കാത്ത റസ്റ്റ് ഹൗസുകളുടെ കാര്യത്തിൽ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ;

(ഇ) റസ്റ്റ് ഹൗസ് കൈമാറ്റത്തിലൂടെ സർക്കാരിനുണ്ടായ നേട്ടമെന്താണെന്ന് വ്യക്തമാക്കാമോ :

(എഫ്) കൈമാറ്റം ചെയ്യാൻ തീരുമാനിച്ച ഫറോക്ക് റസ്റ്റ് ഹൗസ് സഹകാര്യ വ്യക്തി ഏറ്റെടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ആദ്യഘട്ടത്തിൽ 6 റസ്റ്റ് ഹൗസുകളാണ് തെരഞ്ഞെടുത്ത സഹകാര്യ വ്യക്തി/സ്ഥാപനങ്ങൾക്ക് കൈമാറുവാൻ തീരുമാനമെടുത്തത്. എന്നാൽ, കരാറുകാർ പിൻവാങ്ങിയതുമൂലം മൂന്നാർ, ആലുവ, വൈക്കം എന്നീ 3 റസ്റ്റ് ഹൗസുകൾ മാത്രമേ സഹകാര്യ മേഖലയ്ക്ക് കൈമാറിയിട്ടുള്ളൂ. ഇത് സംബന്ധിച്ച കരാറുകളുടെ പ്രസക്ത ഭാഗങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) പൊൻമുടി, തൃശ്ശൂർ, ഫറോക്ക് എന്നീ 3 റസ്റ്റ് ഹൗസുകൾ.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇക്കാര്യം തീരുമാനിച്ചിട്ടില്ല.

(ഇ) മുപ്പത് വർഷത്തെ കൺസഷൻ കാലാവധിയിൽ മൊത്തം 538.75 ലക്ഷം രൂപ സർക്കാരിലേക്ക് ലഭിക്കും.

(എഫ്) കരാറുകാരൻ പിൻവാങ്ങിയതിനാൽ ടി റസ്റ്റ് ഹൗസ് കൈമാറിയിട്ടില്ല.

ഗവൺമെന്റ് ക്വാർട്ടേഴ്സ് വാടകയ്ക്ക് നൽകുന്നതിനെതിരെ നടപടി

91(4372) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് ഗവൺമെന്റ് ക്വാർട്ടേഴ്സ് ലഭിച്ചവർ അത് വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ ;

(ബി) ക്വാർട്ടേഴ്സ് ലഭിച്ചതിനുശേഷം പലരും അത് വാടകയ്ക്ക് നൽകുന്നതിനെതിരെ ഗവൺമെന്റ് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) മുൻഗവൺമെന്റുകളുടെ കാലത്ത് പേഴ്സണൽ സ്റ്റാഫിൽ ഉണ്ടായിരിക്കുകയും ക്വാർട്ടേഴ്സ് അനുവദിച്ചുകിട്ടുകയും ഇപ്പോഴും സ്ഥിരതാമസം ഉള്ളവരുമായ എത്രപേർ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇവരിൽ ഗവൺമെന്റ് സർവ്വീസിൽ ജോലിയില്ലാത്തവർ ഉണ്ടോ ; ഉണ്ടെങ്കിൽ എത്രപേർ എന്ന് വ്യക്തമാക്കാമോ ;

(ഇ) തിരുവനന്തപുരത്ത് സ്ഥിരതാമസം ഉള്ളവർ ക്വാർട്ടേഴ്സിന് അപേക്ഷിക്കുമ്പോൾ അവർക്ക് സ്വന്തമായി വീടില്ല എന്ന് ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതികളുടെ നിജസ്ഥിതി അന്വേഷിച്ച് ഒഴിപ്പിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) 32 പേർ.

(ഡി) ഉണ്ട്, 6 പേർ.

LIBRARY ARCHIVES Kerala Legislative Assembly